(സി) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി) എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി ലഭിച്ച ശേഷം മാത്രമേ ആരംഭിക്കാൻ കഴിയുകയുള്ളൂ.

വാമനപുരം ജലസേചന പദ്ധതിക്ക് ചെലവഴിച്ച തുക

52 [1030] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വാമനപുരം പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനു പകരം എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2004 മാർച്ച് 31 വരെ ശമ്പളയിനത്തിൽ 13,40,59,276 രൂപയും പ്രവർത്തികൾക്ക് 4,49,14,610 രൂപയും ഉൾപ്പെടെ 17,89,73,886 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വാമനപുരം പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല.

എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നവും പാവോൽ ചീപ്പിൽനിന്നുള്ള ശുദ്ധജല വിതരണവും

53 [1031] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകൾക്കു വേണ്ടി നടപ്പാക്കിയ ജലവിതരണ പദ്ധതിയുടെ പാവോൽ ചീപ്പ് ജലസംഭരണിയിൽ നിന്നും കോഴിക്കോട് നഗരത്തിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ഏതെങ്കിലും പുതിയ പദ്ധതി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ അഭിപ്രായം അറിയിക്കാമോ;

(സി) വേനൽക്കാലത്ത് പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ളം ലഭിക്കുന്നില്ല എന്നതും ഈ രണ്ട് പഞ്ചായത്തുകളിലും പൈപ്പ് ലൈൻ നീട്ടുവാൻ ഇപ്പോഴും ബാക്കിയുണ്ട് എന്നതും പരിഗണിക്കാതെയുള്ള ഈ നടപടി പ്രസ്തുത പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിഷേധത്തിന് കാരണമാക്കിയിട്ടുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly